# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 02-03-2026** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. പശ്ചിമേഷ്യയിൽ സംഘർഷം തുടരുന്നു. ഇറാനിൽ ഇടക്കാല പരമോന്നത നേതാവായി ആയത്തൊള്ള അലി റസാ അറാഫിയെ നിയമിച്ചു.

   **Conflict continues in West Asia. Ayatollah Alireza Arafi named as Iran's interim Supreme Leader.**

2. പശ്ചിമേഷ്യൻ സംഘർഷ പശ്ചാത്തലത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ അധ്യക്ഷതയിൽ സുരക്ഷാ കാര്യ മന്ത്രിസഭാ സമിതി യോഗം ചേർന്നു.

   **In the backdrop of the West Asian conflict Prime Minister Narendra Modi chaired a meeting of the Cabinet Committee on Security.**

3. കാനഡ പ്രധാനമന്ത്രി മാർക്ക് കാർണിയുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ന്യൂഡൽഹിയിൽ പ്രതിനിധിതല ചർച്ച നടത്തും.

   **Prime Minister Narendra Modi to hold high-level talks with Canadian Prime Minister Mark Carney today in New Delhi.**

4. പാൽ ഉൽപ്പാദനത്തിൽ ആഗോളതലത്തിൽ ഒന്നാം സ്ഥാനം നിലനിർത്തി ഇന്ത്യ. കഴിഞ്ഞ ദശകത്തിൽ ക്ഷീരമേഖലയിൽ ആറ് ശതമാനം സംയുക്ത വാർഷിക വളർച്ച.

   **India retains the top position globally in milk production. The dairy sector recorded compound annual growth rate of around six percent over the past decade.**

5. ആറ്റുകാൽ പൊങ്കാലയ്ക്കൊരുങ്ങി തിരുവനന്തപുരം. സുരക്ഷാ ക്രമീകരണങ്ങൾ ശക്തം.

**Preparations underway for Attukal Pongala in Thiruvananthapuram, with strict security measures in place.**

6. ട്വന്റി - 20 ലോകകപ്പിൽ ഇന്ത്യ സെമിയിൽ. സൂപ്പർ 8ൽ സഞ്ജു സാംസണിന്റെ മികവിൽ വെസ്റ്റിൻഡീസിന് പരാജയം.

**India advances to the semifinals in the T20 World Cup. In the Super 8, Sanju Samson's performance led to a victory over the West Indies.**

*****************************************

## IRAN - ISRAEL CONFLICT (INTRO)

പശ്ചിമേഷ്യയിൽ സംഘർഷം തുടരുന്നു. ഇറാന്റെ പരമോന്നത നേതാവ് ആയത്തൊള്ള അലി ഖമനേയി കൊല്ലപ്പെട്ടതിൽ ഇറാൻ നഗരങ്ങളിൽ പ്രതിഷേധം ശക്തമായി. ഇടക്കാല പരമോന്നത നേതാവായി ആയത്തൊള്ള അലി റസാ അറാഫിയെ നിയമിച്ചു. സംഘർഷ സാഹചര്യം കണക്കിലെടുത്ത് ഇന്ത്യൻ എംബസികൾ പൗരന്മാർക്കായി നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പശ്ചിമേഷ്യയിലെ നിലവിലെ സുരക്ഷാ സാഹചര്യം മൂലം ബുദ്ധിമുട്ടനുഭവിക്കുന്ന ഇന്ത്യയിലെ വിദേശ പൗരന്മാർ വിസ കാലാവധി നീട്ടുന്നത് സംബന്ധിച്ചോ താമസം ക്രമപ്പെടുത്തുന്നതിനോ സഹായത്തിനായി അടുത്തുള്ള ഫോറിനേഴ്സ് റീജിയണൽ രജിസ്ട്രേഷൻ ഓഫീസിനെ സമീപിക്കണമെന്ന് വിദേശകാര്യ മന്ത്രാലയം നിർദേശിച്ചു.

**വിശദാംശങ്ങളിലേക്ക്......**

(വോയിസ്)

## IRAN - ISRAEL CONFLICT (VOICE)

പശ്ചിമേഷ്യൻ സംഭവവികാസങ്ങളിൽ ഇന്ത്യ കടുത്ത ആശങ്ക പ്രകടിപ്പിച്ചു. രാജ്യങ്ങൾ സംയമനം പാലിക്കണമെന്നും, സാധാരണക്കാരുടെ സുരക്ഷയ്ക്ക് മുൻഗണന നൽകണമെന്നും

അഭ്യർത്ഥിച്ചു. സംഘർഷം ഉടൻ അവസാനിപ്പിക്കണമെന്നും വെടിനിർത്തൽ പ്രഖ്യാപിക്കണമെന്നും ചൈന ആവശ്യപ്പെട്ടു. സംഘർഷം തുടരുന്ന പശ്ചാത്തലത്തിൽ ഇന്ത്യൻ വിമാന കമ്പനികളുടെ 350 സർവീസുകൾ റദ്ദാക്കിയതായി വ്യോമയാന മന്ത്രാലയം അറിയിച്ചു.വിമാനങ്ങളുടെ തൽസ്ഥിതി, കമ്പനികളുടെ വെബ്സൈറ്റിൽ പരിശോധിക്കാനാകും. യാത്രക്കാരുടെ സേവനങ്ങൾക്കായി കൺട്രോൾ റൂമുകൾ ആരംഭിച്ചതായും 411 പരാതികൾ തീർപ്പാക്കിയതായും മന്ത്രാലയം വ്യക്തമാക്കി. എയർസേവാ പോർട്ടലിലൂടെയോ 011-24 60 42 83 അല്ലെങ്കിൽ 011-24 63 29 87 എന്നീ ഹെൽപ് ലൈൻ നമ്പറിലൂടെയോ യാത്രക്കാർക്ക് സഹായം ലഭിക്കുമെന്നും മന്ത്രാലയം അറിയിച്ചു.**ന്യൂസ് ഡെസ്ക് ആകാശവാണി .**

****************************************

## ISRAEL ON IRAN

ഇറാന്റെ തലസ്ഥാനമായ ടെഹ്റാനിൽ വ്യോമ മേധാവിത്വം നേടിയതായി ഇസ്രായേൽ പ്രതിരോധ സേന അറിയിച്ചു. ഇറാനിൽ നിന്ന് ഇസ്രായേലിലേക്ക് അയച്ച 50-ലധികം യുദ്ധവിമാനങ്ങളും ഹെലികോപ്റ്ററുകളും തകർത്തതായും ഇസ്രായേൽ പ്രതിരോധ സേന അവകാശപ്പെട്ടു.

****************************************

## INDIAN LEBANON – ADVISORY

ലെബനനിലെ ഇന്ത്യാക്കാർക്ക് ജാഗ്രതാനിർദേശം പുറപ്പെടുവിച്ച് വിദേശകാര്യ മന്ത്രാലയം. ലെബനനിലേക്കുള്ള അത്യാവശ്യ മല്ലാത്ത യാത്ര ഒഴിവാക്കണമെന്ന് അധികൃതർ മുന്നറിയിപ്പ് നൽകി. ഇന്ത്യൻ എംബസിയുടെ +9 6 1 7 6 8 6 0 1 2 8 നമ്പറിലോ cons.beirut@mea.gov.in.എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടാം.

****************************************

## PM CABINET – CCS

പശ്ചിമേഷ്യൻ സംഘർഷ പശ്ചാത്തലത്തിൽ സുരക്ഷാ കാര്യങ്ങൾ വിലയിരുത്തുന്നതിനായി പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ വസതിയിൽ ഇന്നലെ സുരക്ഷാ കാര്യ മന്ത്രിസഭാ സമിതി യോഗം ചേർന്നു. ആഭ്യന്തര മന്ത്രി അമിത് ഷാ, രാജ്യ രക്ഷാ മന്ത്രി രാജ്നാഥ് സിംഗ്, വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ, ധനമന്ത്രി നിർമ്മല സീതാരാമൻ എന്നിവർ പങ്കെടുത്തു.

*************************************

## PM – UAE PRESIDENT

യുഎഇ പ്രസിഡൻറ് ഷെയ്ഖ് മുഹമ്മദ് ബിൻ സയ്ദ് അൽ നഹ്യാനുമായും ഇസ്രായേൽ പ്രധാനമന്ത്രി ബെന്യമിൻ നെതന്യാഹുവുമായും പ്രധാനമന്ത്രി നരേന്ദ്ര മോദി ടെലിഫോൺ സംഭാഷണം നടത്തി. യുഎഇയിലുണ്ടായ ആക്രമണത്തിൽ നിരവധി പേർക്ക് ജീവൻ നഷ്ടമായതിൽ ശ്രീ മോദി ദുഖം രേഖപ്പെടുത്തി. യുഎഇയ്ക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ച പ്രധാനമന്ത്രി യുഎഇയിലെ ഇന്ത്യൻ പൗരന്മാരുടെ സംരക്ഷണത്തിന് നന്ദി അറിയിച്ചു. സമീപകാല സംഭവവികാസങ്ങളിൽ ഇന്ത്യയുടെ ആശങ്കകൾ ഇസ്രായേൽ പ്രധാനമന്ത്രിയെ അറിയിച്ചതായും സാധാരണക്കാരുടെ സുരക്ഷയ്ക്കാണ് മുൻഗണന നൽകുന്നതെന്നും ശ്രീ. മോദി സമൂഹ മാധ്യമത്തിൽ പറഞ്ഞു.

*************************************

## CM– PM

സംഘർഷ സാഹചര്യത്തിൽ പ്രവാസി മലയാളികൾക്ക് വേണ്ടി അടിയന്തര ഇടപെടൽ അഭ്യർത്ഥിച്ച് മുഖ്യമന്ത്രി പിണറായി വിജയൻ, പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് കത്തയച്ചു. പ്രവാസികളുടെ സംരക്ഷണം ഉറപ്പാക്കുന്നതിനും,

സുരക്ഷിതമായി നാട്ടിലെത്തിക്കുന്നതിനുമുള്ള അടിയന്തര മുന്നൊരുക്കങ്ങൾ ഉണ്ടാകണമെന്ന് മുഖ്യമന്ത്രി ആവശ്യപ്പെട്ടു.

****************************************

## NORKA

നോർക്ക റൂട്ട്സിൻറെ ഹെൽപ്പ് ഡെസ്ക് സഹായത്തിനായി +91-880 201 2345 എന്ന നമ്പറിൽ ബന്ധപ്പെടാം. ഇന്ത്യയിൽ നിന്നും 1800 425 3939 എന്ന ടോൾ ഫ്രീ നമ്പറിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. ഡൽഹി കേരള ഹൗസിലും കൺട്രോൾ റൂം തുറന്നിട്ടുണ്ട്.നോർക്കാ റൂട്ട്സിന്റെ ഹെൽപ് ലൈൻ നമ്പറിൽ ഇന്നലെ ആറു മണി വരെ ആകെ 541 കോളുകളാണ് ലഭിച്ചത്. വിദേശത്തുനിന്നും 188 പേരും രാജ്യത്തിനുള്ളിൽ നിന്നും 353 പേരും ഹെൽപ്ഡെസ്കിൽ ബന്ധപ്പെട്ടു.

****************************************

## US CONSULATE- PAK PROTEST

ആയത്തൊള്ള ഖമനേയി കൊല്ലപ്പെട്ടതിനെത്തുടർന്ന്, പാകിസ്ഥാനിലെ കറാച്ചിയിൽ, അമേരിക്കൻ കോൺസുലേറ്റിന് സമീപം നടന്ന പ്രതിഷേധങ്ങൾ അക്രമാസക്തമായി. തുടർന്നുണ്ടായ പൊലീസ് വെടിവയ്പ്പിൽ 10 ഓളം പേർ കൊല്ലപ്പെട്ടതായാണ് റിപ്പോർട്ട്.

****************************************

## PREZ - LAKHPATI BITYA YOJANA

ഡൽഹി ലഖ്പതി ബിട്ടിയ യോജനയ്ക്ക് രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് ന്യൂഡൽഹിയിൽ തുടക്കം കുറിക്കും. പദ്ധതിയിലൂടെ വിവിധ ഘട്ടങ്ങളിലായി 56,000 രൂപ പെൺകുട്ടിയുടെ അക്കൗണ്ടിൽ നിക്ഷേപിക്കും. 21 വയസ്സ് പൂർത്തിയാകുമ്പോൾ പലിശ ഉൾപ്പെടെ ഒരു ലക്ഷത്തിലേറെ രൂപ കുട്ടിക്കു ലഭിക്കുന്നതാണ് പദ്ധതി.

****************************************

## PM – CANADA PM TALKS

പ്രധാനമന്ത്രി നരേന്ദ്ര മോദിയും ക്യാനഡ പ്രധാനമന്ത്രി മാർക്ക് കാർണിയും ഇന്ന് ന്യൂഡൽഹിയിൽ പ്രതിനിധിതല ചർച്ച നടത്തും. ഇന്ത്യ-ക്യാനഡ തന്ത്രപരമായ പങ്കാളിത്തത്തിൽ കൈവരിച്ച പുരോഗതി ഇരുനേതാക്കളും അവലോകനം ചെയ്യും. വ്യാപാരം, നിക്ഷേപം, ഊർജ്ജം, നിർണായക ധാതുക്കൾ എന്നിവയിലുൾപ്പെടെയുള്ള സഹകരണവും കൂടിക്കാഴ്ചയിൽ വിലയിരുത്തും. ഇന്ത്യ-ക്യാനഡ സിഇഒ ഫോറത്തിലും പ്രധാനമന്ത്രിമാർ പങ്കെടുക്കും.

*************************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

(ബ്രേക്ക്)

*************************************

## INDIA – MILK PRODUCTION

പാൽ ഉൽപ്പാദനത്തിൽ ആഗോളതലത്തിൽ ഒന്നാം സ്ഥാനം നിലനിർത്തി ഇന്ത്യ. ലോകത്തെ മൊത്തം പാൽ ഉൽപ്പാദനത്തിൽ 25 ശതമാനം ഇന്ത്യയാണ് സംഭാവന ചെയ്യുന്നത്. കഴിഞ്ഞ ദശകത്തിൽ ക്ഷീരമേഖല ആറ് ശതമാനം സംയുക്ത വാർഷിക വളർച്ച നിരക്ക് രേഖപ്പെടുത്തിയതായി കേന്ദ്രസർക്കാർ വ്യക്തമാക്കി.

*************************************

## SHIVARAJ SINGH CHOUHAN (INTRO)

കാർഷിക ഉൽപ്പാദനം വർദ്ധിക്കുകയും കർഷകരുടെ വരുമാനം മെച്ചപ്പെടുത്തുകയുമാണ് സർക്കാർ ലക്ഷ്യമെന്ന് കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ. കർഷകരുടെ താൽപ്പര്യാർത്ഥം പുതിയ വിത്ത് നിയമവും പുതുക്കിയ കീടനാശിനി നിയമവും

നടപ്പിലാക്കാൻ ഒരുങ്ങുന്നതായി അദ്ദേഹം ഉത്തരാഖണ്ഡിൽ പറഞ്ഞു.

(VOICE)

**************************************

## ATTUKAL PONGALA

ആറ്റുകാൽ പൊങ്കാലയ്ക്കൊരുങ്ങി തിരുവനന്തപുരം. സെൻട്രൽ റെയിൽവേ സ്റ്റേഷനിൽ പ്രത്യേക ക്രമീകരണങ്ങൾ ഏർപ്പെടുത്തി. സുരക്ഷാ ക്രമീകരണങ്ങളുടെ ഭാഗമായി 24 മണിക്കൂറും നിരീക്ഷണ ക്യാമറ പ്രവർത്തിക്കുന്നുണ്ട്. നിലവിലുള്ള 900 പൊലീസ് ഉദ്യോഗസ്ഥരെ കൂടാതെ ഇന്നും നാളെയും 4,500 പോലിസുകാർ കൂടി പ്രത്യേക സുരക്ഷയ്ക്കായി എത്തും. പൊങ്കാല ചടങ്ങുകൾ അവസാനിക്കും വരെ നഗരത്തിൽ ഗതാഗത നിയന്ത്രണം ഉണ്ടാകും. പൊങ്കാല ദിവസം 10 പോയിന്റുകളിൽ മെഡിക്കൽ ടീമും ആംബുലൻസുകളും സജ്ജമാക്കി. നഗരപരിധിയിലെ 28 സ്കൂളുകൾക്ക് ഇന്ന് അവധി പ്രഖ്യാപിച്ചു. ഡ്യൂട്ടിക്കെത്തുന്ന പോലീസ് ഉദ്യോഗസ്ഥർക്ക് സ്കൂളുകളിൽ താമസസൗകര്യം ഒരുക്കുന്നതിനായാണ് അവധി.

**************************************

## ICC T20 WORLD CUP

ട്വന്റി - 20 ലോകകപ്പിലെ സൂപ്പർ 8 മൽസരത്തിൽ വെസ്റ്റിൻഡീസിനെ പരാജയപ്പെടുത്തി ഇന്ത്യ സെമിയിൽ കടന്നു. സഞ്ജു സാംസൺ പുറത്താവാതെ നേടിയ 97 റൺസിൻറെ പിൻബലത്തിലാണ് ഇന്ത്യ വിജയകിരീടം ചൂടിയത്. ആദ്യം ബാറ്റ് ചെയ്ത വെസ്റ്റിൻഡീസ് 195 റൺസ് നേടി. നാല് പന്തുകൾ ബാക്കി നിൽക്കെയാണ് ഇന്ത്യയുടെ ജയം. വ്യാഴാഴ്ച ഇന്ത്യ ഇംഗ്ളണ്ടിനെ നേരിടും. ഈ മാസം എട്ടിനാണ് ഫൈനൽ.

**************************************

## WOMENS HOCKEY

ഇൻറർനാഷണൽ ഹോക്കി ഫെഡറേഷൻ ലോകകപ്പ് യോഗ്യതാ മൽസരങ്ങൾക്ക് മുന്നോടിയായി ഇന്ത്യൻ വനിതാ ടീം ഹൈദരാബാദിലെത്തി. ഈ മാസം എട്ട് മുതൽ 14 വരെയാണ് മൽസരങ്ങൾ. എട്ടിന് ഉറുഗ്വെയുമായാണ് ഇന്ത്യയുടെ ആദ്യ മൽസരം.

*************************************

## PM – MADURAI

പ്രധാനമന്ത്രി നരേന്ദ്രമോദി തമിഴ്നാട്ടിലെ മധുരയിൽ 4,400 കോടിയിലധികം രൂപയുടെ അടിസ്ഥാനസൗകര്യ പദ്ധതികൾക്ക് തുടക്കം കുറിച്ചു. കുംഭകോണം, യേർക്കാട്, വെല്ലൂർ എന്നിവിടങ്ങളിൽ ആകാശവാണിയുടെ പുതിയ എഫ്എം റിലേ ട്രാൻസ്മിറ്ററുകൾ പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്തു.

*************************************

## WAYANAD – CM

വയനാട് ദുരന്തബാധിതർക്കായി സർക്കാർ നടപ്പിലാക്കിയ ടൗൺഷിപ്പ് ലോക മാതൃകയെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. മുണ്ടക്കൈ - ചൂരൽമല ദുരന്തബാധിതർക്കുള്ള ടൗൺഷിപ്പിൻറെ ആദ്യഘട്ട ഉദ്ഘാടനം ഇന്നലെ മുഖ്യമന്ത്രി നിർവഹിച്ചു. 178 കുടുംബങ്ങൾക്ക് വീടുകൾ കൈമാറി.

*************************************

## SIR

കേരളത്തിൽ, ഈ വർഷം ജനുവരി ഒന്നിന് 18 വയസ്സ് പൂർത്തിയായിട്ടും, തീവ്ര വോട്ടർ പട്ടിക പരിഷ്കരണ സമയത്ത് പേരു ചേർക്കാൻ സാധിക്കാത്തവർക്ക് പട്ടികയിൽ പേര് ചേർക്കാൻ അവസരം. voters.eci.gov.in എന്ന വെബ്സൈറ്റിലൂടേയോ, ECINET മൊബൈൽ ആപ്പ് വഴിയോ,

ബൂത്തുതല ഓഫീസർ വഴിയോ അപേക്ഷിക്കാം. നാമനിർദ്ദേശപത്രിക സമർപ്പിക്കാനുള്ള അവസാന തീയതി വരെയാണ് പേര് ചേർക്കാൻ അവസരമുള്ളത്.

**************************************

## GST COLLECTION – FEB

രാജ്യത്ത് കഴിഞ്ഞ മാസത്തെ GST വരുമാനം 8.1 ശതമാനമായി ഉയർന്ന് ഒരു ലക്ഷത്തി 83,000 കോടി രൂപയിലെത്തി. കഴിഞ്ഞ വർഷം ഫെബ്രുവരിയിലെ GST വരുമാനം ഒരു ലക്ഷത്തി 69,000 കോടി രൂപയായിരുന്നു. കേന്ദ്ര GST വരുമാന ഇനത്തിൽ 37,473 കോടി രൂപയും സംസ്ഥാന GST-യിൽ നിന്ന് 45,900 കോടി രൂപയുമാണ് ലഭിച്ചത്.

**************************************

## SCINDIA- MCW SPAIN

സ്പെയിനിലെ ബാർസലോണയിൽ ഇന്ന് ആരംഭിക്കുന്ന മൊബൈൽ വേൾഡ് കോൺഗ്രസിൽ ഇന്ത്യയെ പ്രതിനിധാനം ചെയ്ത് കേന്ദ്രമന്ത്രി ജ്യോതിരാദിത്യ സിന്ധ്യ പങ്കെടുക്കും. ഇന്ത്യയുടെ ടെലികോം നിർമ്മാണ മേഖലയിലെ നൂതനാശയങ്ങൾ പ്രദർശിപ്പിക്കുന്ന ഇന്ത്യൻ പവലിയൻ അദ്ദേഹം ഉദ്ഘാടനം ചെയ്യും.

**************************************

## MEA – FACT CHECK

ദുബായിൽ നിന്ന് നയതന്ത്ര ഉദ്യോഗസ്ഥരെയും ഇന്ത്യൻ പ്രവാസികളെയും രക്ഷപ്പെടുത്തി വിമാനം പുറപ്പെട്ടു എന്ന തരത്തിൽ സമൂഹ മാധ്യമങ്ങളിൽ പ്രചരിക്കുന്ന ദൃശ്യങ്ങൾ വ്യാജമെന്ന് വിദേശകാര്യ മന്ത്രാലയം. തെറ്റിദ്ധരിപ്പിക്കുന്ന വീഡിയോകളുടെ കാര്യത്തിൽ ജനങ്ങൾ ജാഗ്രത പാലിക്കണമെന്നും മുന്നറിയിപ്പ് നൽകി.

****************************************************************************